കില
വാർത്താപത്രിക

VOLUME - 7
ISSUE - 3
MARCH 2014

kila@kilaonline.org NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) www.kilaonline.org



അന്യസംസ്ഥാന തൊഴിലാളികളുടെ വർദ്ധിച്ചുവരുന്ന സാന്നിദ്ധ്യംകൊണ്ടുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് കില സംഘടിപ്പിച്ച ദ്വിദിന ദേശിയ ശിൽപ്പശാല മുൻമന്ത്രിയും ലോക്കൽ ഗവർമ്മെന്റ് സ് കമ്മീഷൻ ചെയർമാനുമായ **കുട്ടി അഹമ്മദുകുട്ടി** ഉദ്ഘാടനം ചെയ്യുന്നു

# അന്യസംസ്ഥാന തൊഴിലാളികൾക്ക് മാനുഷിക പരിഗണ നൽകണം: കുട്ടി അഹമ്മദുകുട്ടി

അന്യസംസ്ഥാന തൊഴിലാളികൾക്ക് മാനുഷിക പരിഗണന നൽകണമെന്ന് മുൻമന്ത്രിയും ലോക്കൽ ഗവർമ്മെന്റ് സ് കമ്മീഷൻ ചെയർമാനുമായ കുട്ടി അഹമ്മദുകുട്ടി നിർദ്ദേശിച്ചു.അന്യസംസ്ഥാന തൊഴിലാളികളുടെ വർദ്ധിച്ചുവരുന്ന സാന്നിദ്ധ്യംകൊണ്ടുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് കില സംഘടിപ്പിച്ച ദ്വിദിന ദേശീയ ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നമ്മുടെ സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥയിൽ സ്വാധീനം ചെലുത്തുന്ന ഇവരുടെ പ്രശ്നങ്ങൾ വളരെ പ്രസക്തമാണ്. ഉപജീവനമാർഗം തേടി ഇവിടെയെത്തുന്ന ഇവർക്ക് അർഹമായ പരിഗണന നൽകുന്നതിനു പകരം പലരും പുച്ഛത്തോടെയാണ് കാണുന്നത്. അവർക്കു കൂടി പ്രയോജനം ലഭിക്കുന്ന വിധത്തിൽ പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. താമസിക്കാൻ സൗകര്യമില്ലെന്നതാണ് അവരുടെ പ്രശ്നങ്ങളിലൊന്ന്. അന്യനാടുകളിൽ പോയി കഷ്ടപ്പെടുന്ന പ്രവാസി മലയാളികളുടെ കാര്യം നാം ഓർക്കണം. നമ്മുടെ നാട്ടിൽനിന്ന് നിർമ്മാർജനം ചെയ്യപ്പെട്ട മലേറിയപോലെയുള്ള സാംക്രമികരോഗങ്ങൾ തിരിച്ചുവരികയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നെത്തുന്നവരിലൂടെയാണ് ഇതു പരക്കുന്നതെന്നു നാം കരുതണം. അതുകൊണ്ടു തന്നെ അവരുടെ ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കാനും അവർക്ക് ചികിത്സാസൗകര്യം ഏർപ്പെടുത്താനും ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി. ബാലൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കില അസോസിയേറ്റ് പ്രൊഫ. ഡോ. സണ്ണി ജോർജ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റ് അജിത്കുമാർ, സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അജയ്കുമാർ, മുൻ പി.എസ്.സി അംഗം ഡോ.പി.വി.അബ്ദുൾ ഹമീദ്, കോർഡിനേറ്റർ ഡോ.എബി ജോർജ്, എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ,നിർവഹണ ഉദ്യോഗസ്ഥർ, വിവിധ സന്നദ്ധസംഘടനാപ്രതിനിധികൾ എന്നിവർക്കു പുറമെ തെരഞ്ഞെടുക്കപ്പെട്ട 10 അന്യസംസ്ഥാന തൊഴിലാളികളും ശിൽപ്പശാലയിൽ പങ്കെടുത്തു.

## പുര പദ്ധതിയുടെ ദേശീയ നോഡൽ ഏജൻസിയായി കിലയെ അംഗീകരിച്ചു

ഗ്രാമങ്ങളിൽ നഗരസൗകര്യങ്ങളേർപ്പെടുത്തുന്ന പുര പദ്ധതിയുടെ ശാക്തീകരണപ്രവർത്തനങ്ങൾക്ക് ദേശീയ നോഡൽ ഏജൻസിയായി കിലയെ അംഗീകരിച്ചു. മുൻ രാഷ്ട്രപതി അബ്ദുൾ കലാമിന്റെ ഈ സ്വപ്നപദ്ധതി കേന്ദ്രഗ്രാമവികസനമന്ത്രാലയിത്തിന്റെ കീഴിലാണ്. നഗരങ്ങളിലേതുപോലെ വിദ്യാഭ്യാസ–ആരോഗ്യസ്ഥാപനങ്ങളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഗ്രാമങ്ങളിൽ ഏർപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആന്ധ്രപ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, കേരളം, തുടങ്ങിയ സംസ്ഥാനങ്ങളിലാണ് പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. വിവിധ ഭാഷകളിൽ പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കി വിപുലമായ പരിശീലനപരിപാടി തയ്യാറാക്കുക എന്നത് കിലയുടെ ഉത്തരവാദിത്വമാണ്. 3 കോടി രൂപയാണ് പരിശീലനപരിപാടികൾക്കായി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടന്ന ചർച്ചയിൽ കേന്ദ്ര ഗ്രാമവികസനവകുപ്പു അഡീഷ്ണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, ജോ.സെക്രട്ടറി അപരാജിത തുടങ്ങിയ മുതിർന്ന ഉദ്യോഗ്സ്ഥരും കില ഡയറക്ടർ ഡോ. പി.പി.ബാലൻ അസി.പ്രൊഫ. ഡോ.ജെ.ബി.രാജൻ എന്നിവരും പങ്കെടുത്തു. കേരളത്തിൽ തിരൂരങ്ങാടിയിലും തളിക്കുളത്തുമാണ് പുര പദ്ധതി നടപ്പിലാക്കുന്നത്.



പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് ഐ.പി.എസ്.ഉദ്യോഗസ്ഥർക്ക് കിലയിൽ നൽകിയ പരിശീലനപരിപാടി കില ഡയറക്ടർ **ഡോ.പി.പി. ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

## പ്രാദേശികഭരണത്തെക്കുറിച്ച് ഐ.പി.എസുകാർക്ക് പരിശീലനം

**പ്രാ**ദേശികഭരണസംവിധാനത്തെക്കുറിച്ച് ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് കില പരിശീലനം നൽകുന്നു. മസൂറിയിലെ ഐ.എ.എസ് അക്കാദമിയിൽനിന്നു പരിശീലനം പൂർത്തിയാക്കുന്നവർക്ക് കിലയിൽ പരിശീലനം നൽകണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇതിനുള്ള നടപടികൾ കില സ്വീകരിച്ചുവരികയാണ്.ഹൈദരാബാദ് ഐ.പി.എസ് അക്കാദമിയിൽ പരീശീലനം പൂർത്തിയാക്കിയ 4 പ്രൊബേഷണറി ഐ.പി.എസുകാരാണ് ആദ്യ ബാച്ച് പരിശീലനത്തിനെത്തിയത്. തൃശ്ശൂർ പോലിസ് അക്കാദമിയിൽ പരിശീലനത്തിനെത്തുന്ന ഐ.പി.എസ് പ്രൊബേഷണറിമാർക്കും സബ് ഇൻസ്പെക്ടർ ട്രെയിനികൾക്കും തുടർന്ന് പരിശീലനം നൽകുന്നതാണെന്ന് കില ഡയറക്ടർ ഡോ.പി.പി. ബാലൻ അറിയിച്ചു.

പ്രാദേശികഭരണത്തെക്കുറിച്ച് ഐ.പി.എസുകാർക്ക് കില പരിശീലനം നൽകുന്നത് ഇതാദ്യമായിട്ടാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ രൂപം നൽകിയ ജാഗ്രതാസമിതിയിൽ പോലീസുദ്യോഗസ്ഥർ അംഗങ്ങളായി വരുന്ന സാഹചര്യത്തിൽ ഈ പരിശീലനത്തിനു പ്രസക്തിയുണ്ട്. പരിശീലനപരിപാടി കില ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഡോ.പീറ്റർ എം.രാജ്, ഡോ. ജെ.ബി.രാജൻ, പ്രൊഫ.ടി.രാഘവൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.



ചൈൽഡ് റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കിലയിൽ ചേർന്ന ഉന്നതതലയോഗം

## അട്ടപ്പാടിയിലെ കൗമാരക്കാരുടെ ക്ലബ്ബുകൾ ശാക്തീകരിക്കും

**കൗ**മാരക്കാരുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള തീവ്രത കണക്കിലെടുത്ത് അട്ടപ്പാടിയിലെ കൗമാരക്കാരുടെ ക്ലബ്ബുകൾ ശാക്തീകരിക്കുന്നതിന് യൂണിസെഫും കിലയും തീരുമാനിച്ചു. കുട്ടികളുടെ പങ്കാളിത്താവകാശം ശക്തിപ്പെടുത്തുന്നതിന് ഈ വർഷത്തെ സി.ആർ.സി പരിപാടികളിൽ മുൻഗണന നൽകും. കുട്ടികളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും ചർച്ചചെയ്ത് കഴിവുകൾ പരിപോഷിപ്പിച്ച് വ്യക്തിത്വവികസനം നടത്തുന്നതിനുള്ള കർമ്മപരിപാടിക്കും രൂപം നൽകും.

യൂണിസെഫ് സഹായത്തോടെ കിലയിൽ പ്രവർത്തിക്കുന്ന ചൈൽഡ് റിസോഴ്സ് സെന്ററിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്താനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി ചേർന്ന ഉന്നതതല യോഗമാണ് ഇതസംബന്ധിച്ച തീരുമാനമെടുത്തത്.

യൂണിസെഫ് ചീഫ് ഡോ. സതീഷ്കുമാർ, കില ഡയറക്ടർ ഡോ.പി.പി.ബാലൻ, യൂണിസെഫ് ചെന്നൈ യൂണിറ്റിലെ ഡോ. അകില, ചൈൽഡ് റിസോഴ്സ് സെന്റർ മേധാവി ഡോ.പീറ്റർ എം.രാജ്, ബാഗ്ലൂർ ചൈൽഡ് റൈറ്റ്സ് ട്രസ്റ്റ് ഡയറക്ടർ ഡോ. വാസുദേവ ശർമ്മ, നാഗരാജ, സെസ്സ് ഡയറക്ടർ ഡോ.അജിത് കുമാർ സി.ആർ.സി. കൺസൽട്ടന്റ് കെ.എൽ. സുധാമണി, എക്സ്റ്റഷൻ ഫാക്കൽറ്റികളായ എം.ജി.കാളിദാസൻ, വി.കെ.മോഹൻകുമാർ എന്നിവരാണ് യോഗത്തിൽ സംബന്ധിച്ചത്. കേരളത്തിലെ കൗമാരക്കാരുടെ രണ്ടാംതലമുറ പ്രശ്നങ്ങളെക്കുറിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അസോസിയേറ്റ് പ്രൊഫ.ഡോ.ജയപ്രകാശ്, തൃശ്ശൂർ ചൈൽഡ് വെൽഫയർ കമ്മിററി ചെയർമാൻ പി.ഒ.ജോർജ്, വിമല കോളേജ് അസി.പ്രൊഫ.ട്രീസ ടി.പുളിക്കൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.




നഗരസഭ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അസി.ഇലക്ട്രൽ റജിസ്ട്രേഷൻ ഓഫീസർമാർക്കുമുള്ള നിയമബോധന പരിശീലനപരിപാടി കിലയിൽ സംസ്ഥാനതെരഞ്ഞെടുപ്പുകമ്മീഷ്ണർ **കെ.ശശിധരൻ നായർ** ഉദ്ഘാടനം ചെയ്യുന്നു

# തദ്ദേശതെരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച വോട്ടർ പട്ടിക ഏർപ്പെടുത്തും : സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷ്ണർ

തദ്ദേശഭരണതെരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച വോട്ടർ പട്ടിക ഏർപ്പെടുത്തുമെന്നും വർഷം തോറും വോട്ടർപട്ടിക പ്രസിദ്ധീകരിക്കുമെന്നും സംസ്ഥാനതെരഞ്ഞെടുപ്പുകമ്മീഷ്ണർ കെ.ശശിധരൻ നായർ അറിയിച്ചു. വാർഡ് വിഭജനം ഇരുപതുവർഷം കൂടുമ്പോൾ മതിയെന്ന സർക്കാർ നിർദ്ദേശം സ്വാഗതാർഹമാണെന്നും അദ്ദേഹം പറഞ്ഞു. നഗരസഭ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അസി.ഇലക്ട്രൽ റജിസ്ട്രേഷൻ ഓഫീസർമാർക്കുമുള്ള നിയമബോധന പരിശീലനപരിപാടി കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വോട്ടർമാരുടെ അവകാശസംരക്ഷണത്തിനാണ് കമ്മീഷൻ മുൻഗണന നൽകുന്നത്. വാർഡ്സഭകളും ഗ്രാമസഭകളുമാണ് ജനങ്ങളുടെ ശക്തി. ഒരേ വോട്ടർക്ക് രണ്ടുതരം വോട്ടർ പട്ടിക ഉണ്ടാകുന്നതു തന്നെ ശരിയല്ലെന്നും അദ്ദേഹം വ്യക്തമാക്കി.

വാർഡ് പുനസ്സംഘടന കുറ്റമറ്റ രീതിയിലായിരിക്കണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച തൃശ്ശൂർ മേയർ രാജൻ ജെ. പല്ലൻ പറഞ്ഞു. കഴിഞ്ഞ പുനസ്സംഘടനയിൽ തന്റെ ഡിവിഷനിൽ 4000 വോട്ടും തൊട്ടടുത്ത ഡിവിഷനിൽ 8000 വോട്ടുമാണുണ്ടായിരുന്നത്. വാർഡ്സഭകളുടെ പരാജയത്തിനു ജനപ്രതിനിധികളും ജനങ്ങളും ഉത്തരവാദിയാണെന്ന് മേയർ പറഞ്ഞു. കില അസോസിയേറ്റ് പ്രൊഫ. ഡോ. പീറ്റർ എം. രാജ്, സംസ്ഥന തെരഞ്ഞെടുപ്പുകമ്മീഷൻ സെക്രട്ടറി ഗീത, ജോ.സെക്രട്ടറി സി.രാധാകൃഷ്ണക്കുറുപ്പ്, കില ഡെപ്യൂട്ടി ഡയറക്ടർ ജോസ്നമോൾ എന്നിവർ സംസാരിച്ചു.

ഹൈക്കോടതിയിലെ തെരഞ്ഞെടുപ്പുകമ്മീഷന്റെ സ്റ്റാൻഡിംഗ് കൗൺസിൽ അഡ്വ. മുരളി പുരുഷോത്തമൻ, തെരഞ്ഞെടുപ്പുകമ്മീഷൻ പി.എ. കെ.ടി. ജോർജ്, കില എക്സ്റ്റൻഷൻ ഫാക്കൽറ്റികളായ കെ.ഗോപാലകൃഷ്ണൻ, എം.കെ.രവീന്ദ്രനാഥ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. കിലയും സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷനും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ നഗരസഭകളിലേയും കോർപ്പറേഷനുകളിലേയും അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ തുടങ്ങിയവരാണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്.

# ഹിമാചൽപ്രദേശിലെ ജനപ്രതിനിധികൾ കിലയിൽ

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിന് ഹിമാചൽപ്രദേശിലെ സിമോർ, കിനോർ ജില്ലകളിൽനിന്നുള്ള ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കിലയിലെത്തി. അഞ്ചു വനിതകൾ ഉൾപ്പെടെ 31 പേരാണ് സിമോർ ജില്ലിയിൽനിന്നുള്ള സംഘത്തിലുണ്ടായിരുന്നത്. അഞ്ചുദിവസത്തെ പരിശീലന–പഠനസന്ദർശനമാണ് കിലയിൽ ഇവർക്കുവേണ്ടി ഒരുക്കിയത്. കോർഡിനേറ്റർ പ്രൊഫ. ടി.രാഘവന്റെ ആമുഖപ്രഭാഷണത്തോടെ പരിശീലനപരിപാടി തുടങ്ങി .പരിശീലന–പഠനസന്ദർശന പരിപാടികളെക്കുറിച്ച് കെ.ബാബു വിശദീകരിച്ചു.

കേരളത്തിലെ പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ചും വികസനപദ്ധതികളെസംബന്ധിച്ചും പ്രൊഫ. ടി.രാഘവൻ സംസാരിച്ചു. സംസ്ഥാനത്തെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ച് കുടുംബശ്രീയിലെ ടാനി തോമസ് വിശദീകരിച്ചു. അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്,എറണാകുളം ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശിച്ച് ഗ്രാമ–ബ്ലോക്ക്–ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷന്മാരുമായി സംസാരിച്ചു.

പഞ്ചാബ്, ഹരിയാന, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജനാധിപത്യവൽക്കരണത്തെക്കുറിച്ചു ചണ്ഡീഗഡിലെ കേന്ദ്ര ഗ്രാമീണ വ്യവസായ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ ഹിമാചൽ പ്രദേശായിരുന്നു മുന്നിലെത്തിയത്. ഇപ്പോഴത്തെ കില ഡയറക്ടർ ഡോ. പി.പി.ബാലനായിരുന്നു പഠനസംഘത്തിനു നേതൃത്വം നൽകിയത്.

കിനോർ ജില്ലയിൽനിന്നുള്ള രണ്ടാമത്തെ സംഘത്തിൽ പ്രസിഡന്റിനും സെക്രട്ടറിക്കും പുറമെ ജില്ലാപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ അംഗങ്ങളുമുണ്ടായിരുന്നു. ഇവരെ കൂടാതെ മൂന്നു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും എട്ട് ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാരും സംഘത്തിലുണ്ടായിരുന്നു. കണ്ണൂർ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ സംഘം സന്ദർശനം നടത്തി. പയ്യന്നൂരിലെ ഖാദി തൊഴിലാളികൾക്ക് ജില്ലാപഞ്ചായത്ത് നൽകിയ ഏപ്രണും മാസ്ക്കും വിതരണം ചെയ്യുന്ന ചടങ്ങിൽ ഇവർ സംബന്ധിച്ചു. ജില്ലാപഞ്ചായത്തിന്റെ ടിഷ്യുകൾച്ചറൽ കേന്ദ്രവും സംഘം സന്ദർശിക്കുകയുണ്ടായി. കണ്ണൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ.കെ.എസ്.സരള കില ഡയറക്ടർ ഡോ.പി.പി.ബാലൻ,കോർഡിനേറ്റർ പ്രൊഫ.ടി.രാഘവൻ എന്നിവരും സംഘത്തോടൊപ്പമുണ്ടായിരുന്നു. ജില്ലയിലെ ദ്വീപ് പഞ്ചായത്തായ വലിയപറമ്പ് ഗ്രാമപഞ്ചായത്താണ് സംഘം സന്ദർശിച്ച മറ്റൊരു കേന്ദ്രം.



ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്
**കെ.കെ.സോമൻ**

# നാടിനു മാതൃകയായി
# മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

**പഞ്ചായത്തുകളിലെ** ഗ്രാമസഭകൾ വിളിച്ചുകൂട്ടാനും അതിൽ പങ്കാളികളാകാനു പലരും വൈമുഖ്യം കാണിക്കുമ്പോൾ എറണാകുളം ജില്ലയിലെ മഴുന്നൂർ ഗ്രാമപഞ്ചായത്ത് നാടിനുതന്നെ മാതൃകയാകുന്നു.ഒരേ ദിവസം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും (19 വാർഡുകൾ) ഒരേ സമയം (രാവിലെ 9 മുതൽ വൈകീട്ട് 5 വരെ) ഗ്രാമസഭകൾ ചേർന്ന് അവർ ചരിത്രം സൃഷ്ടിച്ചു. തീർന്നില്ല 19 വാർഡുകളിലും സേവാഗ്രാം ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനത്തിനും അവർ തുടക്കമിട്ടു. അക്കാര്യത്തിലും അവർ മറ്റൊരു മാതൃക കാട്ടി. തൊട്ടടുത്ത ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാരെക്കൊണ്ടാണ് ഈ കേന്ദ്രങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചത്. അടുത്ത വർഷം ജനുവരി 26 മുതൽ ഈ കേന്ദ്രങ്ങളിൽ നിന്ന് ജനങ്ങൾക്ക് സേവനം ലഭിക്കും.

ഓരോ ഗ്രാമസഭയിലും 300 മുതൽ 700 പേർ വരെ പങ്കെടുത്തു. ഒരു വീട്ടിൽനിന്ന് ഒരംഗത്തെയെങ്കിലും പങ്കെടുപ്പിക്കുക എന്ന ലക്ഷ്യം സംഘാടകർ നേടി. നികുതിയുൾപ്പെടെ ഏഴു സേവനങ്ങൾക്ക് ഗ്രാമസഭകളിൽ സൗകര്യമൊരുക്കി. ഒറ്റ ദിവസംകൊണ്ട് മൂന്നു ലക്ഷത്തിൽപരം രൂപ നികുതിയിനത്തിൽ ഗ്രാമസഭകളിൽനിന്നു പിരിഞ്ഞു കിട്ടി. ഗ്രാമസഭകളുടെ നടത്തിപ്പിനായുള്ള സംഘാടകസമിതിയുടെ ഉദ്ഘാടനം തലേനാൾ ഫെബ്രുവരി 21 നു കില ഡയറക്ടർ ഡോ.പി.പി.ബാലൻ നിർവഹിച്ചു. കില അസി. ഡയറക്ടർ കെ.എം.സലിം സംസാരിച്ചു. ഒരു വാർഡിൽ നിന്ന് മുപ്പുതപേർ വീതമായിരുന്നു സംഘാടകസമിതിയിലെ പ്രാതിനിദ്ധ്യം.

കിലയുടെ സഹകരണത്തോടെയായിരുന്നു ഗ്രാമസഭകൾ സമ്മേളിച്ചത്. കില അസി.പ്രൊഫ. ഡോ.ജെ.ബി.രാജനും കിലയുടെ 19 എകസ്റ്റഷൻ ഫാക്കൽറ്റികളും വിവിധ ഗ്രാമസഭകളിൽ സംബന്ധിച്ചു. കെ.പി.ധനപാലൻ എം.പി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.അർജ്ജുനൻ എന്നിവരും പങ്കെടുത്ത പ്രമുഖരിൽ പെടുന്നു. പഞ്ചായത്ത് പ്രസിഡന്റ് കെ.കെസോമന്റെ നേതൃത്വത്തിലുള്ള ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും നിരന്തരപരിശ്രവും കൂട്ടായ്മയുമാണ് ഗ്രാമസഭകളുടെ വിജയത്തിനു കാരണമായത്.പഞ്ചായത്തിലെ എല്ലാ ജനപ്രതിനിധികളും സെക്രട്ടറി ഉൾപ്പെടെയുള്ള മുഴുവൻ ഉദ്യേഗസ്ഥരും പങ്കാളികളായി എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായ കൂട്ടായ ജനപങ്കാളിത്തവും ഗ്രാമസഭകളുടെ വിജയത്തിനു കാരണമായി. ആഗസ്റ്റ് 15, ഒക്ടോബർ 2, അടുത്ത വർഷം ജനുവരി 26 എന്നീ തീയതികളിൽ അടുത്ത ഗ്രാമസഭകൾ ചേരുന്നതിനും തീരുമാനമായി.

ഗ്രാമസഭകളിൽ പങ്കെടുത്ത തൊട്ടയൽപക്കത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ഇവരാണ്:എം.എം. അവറാൻ (വെങ്ങോല), ഷേർളി ബാബു (കോട്ടപ്പടി),അബ്രഹാം തൊമ്മൻ(പോത്താനിക്കാട്), മാത്യുസ്വർക്കി (പായിപ്ര), വിൽസൺ കെ.ജോൺ(രാമ്മംഗലം), ഒ.വി.ബാബു (വാളകം), രമ സാജു(വടവുകോട് പുത്തൻകുരിശ്), അൻവർ മുണ്ടേത്ത്(ഒക്കൽ), ഡെയ്സി തോമസ്(അശമന്നൂർ),കെ.കെ. മാത്തുകുഞ്ഞ്( രായമംഗലം), പി.വൈ.പൗലോസ് (കൂവപ്പടി), ഏലിയാമ്മ ചാക്കോ(തിരുവാണിയൂർ), എം.എസ്. രാജി (ഐക്കരനാട്), ജോളി ബേബി (കിഴക്കമ്പലം), ഷൈല നൗഷാദ്(കുന്നത്തുനാട്), രാധാകൃഷ്ണൻ ചെങ്ങാട്ട് (നീലീശ്വരം), നിബുകുര്യാക്കോസ് (പൂത്തൃക്ക), അയ്യപ്പൻകുട്ടി (വടവുകോട് ബ്ലോക്ക് പഞ്ചായത്ത്).



ഗ്രാമസഭയിൽ പങ്കെടുത്തവർ



ഗ്രാമസഭയുടെ സംഘാടകസമിതി യോഗത്തിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ സംസാരിക്കുന്നു



ഗ്രാമസഭായോഗത്തിൽ പ്രസിഡന്റ് കെ.കെ സോമൻ സംസാരിക്കുന്നു



സംഘാടകസമിതിയോഗത്തിൽ പങ്കെടുത്തവർ



ഗ്രാമസഭയിൽനിന്നുള്ള മറ്റൊരു ദൃശ്യം

# ചോദിക്കൂ പറയാം

? പഞ്ചായത്തിൽ ലൈസൻസിനായി അപേക്ഷ നൽകിയപ്പോൾ കെട്ടിടനികുതി കുടിശ്ശികയുള്ളതിനാൽ ലൈസൻസ് തരാൻ പറ്റില്ലെന്നു പറയുന്നു. എന്തുചെയ്യണം?

● കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 236 (13) സെക്ഷൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും തരത്തിൽ കുടിശ്ശികയുണ്ടെങ്കിൽ ലൈസൻസ് അനുവദിക്കാൻ വ്യവസ്ഥയില്ല. കുടിശ്ശിക പൂർണമായും അടച്ചുതീർത്തശേഷം ലൈസൻസിന് അപേക്ഷിക്കുക.

? ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്വകാര്യശ്മശാനം തുടങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കണം?

● പഞ്ചായത്തിൽനിന്നു ലഭിക്കുന്ന നിശ്ചിതഫോറത്തിലുള്ള അപേക്ഷ പൂരിപ്പിച്ച്, സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിന് ആധാരത്തിന്റെ പകർപ്പും പ്ലാനും സ്കെച്ചും, വില്ലേജ് ഓഫീസിൽനിന്നുള്ള പൊസഷൻ സാക്ഷ്യപത്രവും വാങ്ങി സ്ഥലത്തിന്റെ 50 മീറ്റർ ചുറ്റളവിലുള്ള എല്ലാതാമസക്കാരുടെ വിവരങ്ങളുമടങ്ങിയ മാപ്പും തയ്യാറാക്കി, ആവശ്യമായ പകർപ്പുകൾ സഹിതം പഞ്ചായത്തിൽ നൽകുക. അവിടെനിന്ന് ജില്ലാമെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് നിരാക്ഷേപപത്രത്തോടൊപ്പം കലക്ടർക്ക് സമർപ്പിക്കുക. കലക്ടറുടെ അനുമതി ലഭിച്ച ശേഷം ലൈസൻസ് നൽകുന്നതാണ്. കെട്ടിടം നിർമ്മിക്കുന്നുണ്ടെങ്കിൽ കെട്ടിടനിർമ്മാണചട്ടപ്രകാരമുള്ള അനുമതിയും വാങ്ങണം.

? പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകണമെന്നു പറയുന്നു. അതിനു ഉത്തരവുണ്ടോ? എത്ര രൂപവരെ ചെലവഴിക്കാം?

● പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ 16.11.2013 ലെ ജി.ഒ (എം.എസ്) 362/13 തസ്വഭവ നമ്പർ മാർഗ്ഗരേഖയിലെ 68-3 പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4,000 രൂപ ചെലവഴിച്ച് ഫർണിച്ചർ വാങ്ങി നൽകാം. സ്കൂൾ അധികൃതർ വഴിയാണ് വിതരണം ചെയ്യേണ്ടത്. മറ്റേതെങ്കിലും വകുപ്പിൽനിന്ന് ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളവർക്ക് ഇതു നൽകാൻ പാടില്ല. നിർദ്ധന കുടുംബത്തിൽപെട്ട വിദ്യാർത്ഥികൾക്കാണ് നൽകേണ്ടത്. സബ്സിഡി മാർഗ്ഗരേഖയിലെ 304 ബി-11 പ്രകാരം മത്സ്യതൊഴിലാഴിലാളികളുടെ മക്കൾക്കും വ്യവസ്ഥകൾ പ്രകാരം ഫർണിച്ചർ വാങ്ങി നൽകാൻ 4,000 രൂപ വരെ വിനിയോഗിക്കാം.

? വനിതാഘടകപദ്ധതിയിൽ പെടുത്തി വീട്, കക്കൂസ്, കിണർ മുതലായവ പാടില്ലെന്നു പറയുന്നു. പിന്നെ ഏതുതരം പദ്ധതികളാണ് ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

● സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്ന പദ്ധതികൾ ഏറ്റെടുക്കുക. സ്ത്രീകളുടെ തൊഴിലും വരുമാനവും പദവിയും വർദ്ധിപ്പിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് രൂപം നൽകുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥാപനങ്ങളിലും സ്ത്രീകൾ ധാരാളമായി എത്തുന്ന ബസ് സ്റ്റാൻഡ്, ഓഫീസ്, ആശുപത്രികൾ എന്നിവിടങ്ങളിലും സ്കൂളുകളിലും അവർക്കു മാത്രമായി മൂത്രപ്പുരകൾ,കക്കൂസുകൾ, വിശ്രമകേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കാവുന്നതാണ്. ഇവ നിർമ്മിക്കുമ്പോൾ അവിടെ ശുദ്ധജലം കൂടി ഉറപ്പുവരുത്തണം. അതുപോലെ മുലയൂട്ടുന്ന അമ്മമാർക്ക് പൊതുസ്ഥലങ്ങളിൽ വിശ്രമകേന്ദ്രങ്ങളുമാവാം. സ്ത്രീകൾ മാത്രമുള്ള (പുരുഷന്മാരില്ലാത്ത) വീടാണെങ്കിൽ വീട്, കക്കൂസ് എന്നിവ നൽകാവുന്നതുമാണ്.

? പഞ്ചവത്സരപദ്ധതിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയും സംയോജിപ്പിച്ചുകൊണ്ടു ചെയ്യാവുന്ന പ്രവർത്തികൾ ഏതൊക്കെയാണ്?

● എല്ലാവിധ മണ്ണ്-ജലസംരക്ഷണ-പരിസ്ഥിതിസംരക്ഷണ പ്രവർത്തികളും ജൈവവള ഉദ്പാദനപ്രവർത്തനങ്ങളും അഴുക്കുചാൽ നവീകരണ പ്രവർത്തികളും മൃഗസംരക്ഷണമേഖലയിൽ തൊഴുത്തുനിർമ്മാണം, കൂടുനിർമ്മാണം, മത്സ്യമേഖലയിൽ കുളം നിർമ്മാണം, നവീകരണം, ശുചീകരണതൊഴിലാളികൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുനിരത്തുകളുടെ ശുചീകരണം, അനധികൃത ബോർഡുകളും ബാനറുകളും നീക്കം ചെയ്യൽ എന്നിവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയുടേയും അയ്യങ്കാളി നഗരതൊഴിലുറപ്പുപദ്ധതിയുടേയും മാനദണ്ഡങ്ങളുമായി ചേർത്ത് പദ്ധതിയുടെ ഭാഗമായി ചെയ്യാവുന്നതാണ്.(പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗരേഖ 362/13 തസ്വഭവ തീയതി 16.11.13 ഖണ്ഡിക 9-1-കുറിപ്പ്.

? പട്ടികജാതി-പട്ടികവർഗ ഫണ്ടുവിനിയോഗത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ ഉണ്ടാക്കണമെന്നു പറയുന്നു. ആരൊക്കെയാണ് നിരീക്ഷണ കമ്മിറ്റികളിൽ വേണ്ടത്?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ ജനപ്രതിനിധികളാണ് നിരീക്ഷണകമ്മിറ്റിയിലെ അംഗങ്ങൾ. ഇവരെ സഹായിക്കാൻ അസി.സെക്രട്ടറിയേയോ അല്ലെങ്കിൽ തൊട്ടു താഴെയുള്ള ഒരുദ്യോഗസ്ഥനേയോ പഞ്ചായത്ത് ചുമതലപ്പെടുത്തുന്നു. മൂന്നിൽ കുറവ് അംഗങ്ങളേ എസ്.സി/എസ്.ടി വിഭാഗത്തിൽനിന്നുള്ളുവെങ്കിൽ ആ വർക്കിംഗ് ഗ്രൂപ്പിനായിരിക്കും നിരീക്ഷണകമ്മിറ്റിയുടെ ചുമതല. നിരീക്ഷണകമ്മിറ്റി മാസംതോറും യോഗം ചേർന്ന് എസ്.സി-എസ്.ടി ഫണ്ടു വിനിയോഗവും കാര്യക്ഷമതയും വിലയിരുത്തേണ്ടതാണ്.

? വീട്ടിൽ വച്ചു നടന്ന ഒരു അസ്വഭാവിക മരണം,ആ വീട്ടുകാരുടെ മരണറിപ്പോർട്ട് പ്രകാരമാണോ പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് അനുസരിച്ചാണോ റജിസ്റ്റർ ചെയ്യേണ്ടത്?

● മരണം വീട്ടിൽ വച്ചാണെങ്കിൽ ആ വീട്ടുകാരൻ സമർപ്പിക്കുന്ന റിപ്പോർട്ട് പ്രകാരമാണ് റജിസ്റ്റർ ചെയ്യേണ്ടത്. അസ്വഭാവിക മരണമെങ്കിൽ ഇൻക്വസ്റ്റ് തയ്യാറാക്കി പോസ്റ്റുമോർട്ടം നടത്തിച്ച പോലിസ് ഓഫിസറുടെ എഫ്.ഐ.ആർ റിപ്പോർട്ടിന്റെ പകർപ്പുകൂടി മരണറിപ്പോർട്ടിനോടൊപ്പം ഹാജരാക്കണം. പൊതസ്ഥലത്താണെങ്കിൽ പോലിസ് ഓഫീസറാണ് റിപ്പോർട്ട് നൽകേണ്ടത്.

? ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൽ.എസ്.ജി.ഡി എഞ്ചിനീയറുടേയും അദ്ദേഹത്തിന്റെ കീഴിലുള്ള ജീവനക്കാരുടേയും ഹാജർ എവിടെയാണ് വയ്ക്കേണ്ടത്?

● എഞ്ചിനീയറുടെ ഓഫീസ് മുറിയിൽ വച്ചിട്ടുള്ള ഹാജർ പുസ്തകത്തിൽ എല്ലാ ജീവനക്കാരും ഹാജർ രേഖപ്പെടുത്തണം. എഞ്ചിനിയർ വർക്ക് ഡയറി പ്രസിഡന്റിനു നൽകണം.(സർക്കുലർ നമ്പർ 45367/പി.പി 1/03 തസ്വഭവ തീയതി 27.9.2003)

? ജനകീയാസൂത്രണ പ്രക്രിയകളിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്കു ഡ്യൂട്ടി ലീവിന് അർഹതയുണ്ടോ?

● ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ്സ്കൂൾ/കോളേജ് അദ്ധ്യാപകർക്കും ജീവനക്കാർക്കും ആസൂത്രണപ്രക്രിയകളിൽ പങ്കെടുക്കുന്നതിന് 30 ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിച്ചിട്ടുണ്ട്. (ഉത്തരവ് നമ്പർ ജി.ഒ (എം.എസ്)162/08 തസ്വഭവ തീയതി-11.6.2008)

## ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097




ആലുവ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ
**അൻവർ സാദത്ത്** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# വരുംതലമുറയെ മുന്നിൽ കണ്ടുള്ള വികസനം വേണം: അൻവർ സാദത്ത് എം.എൽ.എ

**വ**രും തലമുറയെ മുന്നിൽ കണ്ടുകൊണ്ടുള്ള വികസനപരിപാടികൾക്കാണ് മുൻഗണന നൽകേണ്ടതെന്ന് അൻവർ സാദത്ത് എം.എൽ.എ പറഞ്ഞു. ആലുവ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൂട്ടായ മുന്നേറ്റത്തിലൂടെ മാത്രമേ നല്ല വികസനം കൊണ്ടുവരാനാകൂ. അതിനു മാനസികമായ തയ്യാറെടുപ്പും വേണം. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജനങ്ങളും ഒന്നിച്ചു നിന്നാലേ വികസനം സാദ്ധ്യമാകുവെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലെ ആദ്യത്തെ ഹീമോഫീലിയ സെന്റർ ആലുവ സർക്കാർ ആശുപത്രിയിലാണ് തുടങ്ങുന്നതെന്നും എം.എൽ.എ അറിയിച്ചു. കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം. രാജ് ആമുഖപ്രഭാഷണം നടത്തി. ഡോ .സണ്ണി ജോർജ്, കോർഡിനേറ്റർമാരായ കെ.എം. സലിം, പി.വി. രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.

ആലുവ നഗരസഭ ചെയർമാൻ എം.ടി.ജേക്കബ്ബ്, ജില്ലാപഞ്ചായത്ത് അംഗങ്ങളായ സജിത സിദ്ദിഖ്, അബ്ദുൾ മുത്തലിഫ് എന്നിവർക്കു പുറമെ ചെങ്ങമനാട്, ചൂർണിക്കര, എടത്തല, കീഴ്മാട്, നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, കാഞ്ഞൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലേയും വാഴക്കുളം, പാറക്കടവ്, അങ്കമാലി ബ്ലോക്ക് പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരടക്കം 115 പേർ ശിൽപ്പശാലയിൽ സംബന്ധിച്ചു.

ഉദ്ഘാടനത്തിനുശേഷം ആറുഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പുചർച്ചയും തുടർന്ന് പൊതു ചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ. എ സംസാരിച്ചു.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും നിർവഹണ ഉദ്യോഗസ്ഥരും.

## ജനപ്രതിനിധികൾക്ക് കമ്പ്യൂട്ടർ പരിശീലനം

**ക**മ്പ്യൂട്ടർ പരിജ്ഞാനമില്ലാത്ത ജനപ്രതിനിധികൾക്കുള്ള രണ്ടുദിവസത്തെ പരിശീലനം കിലയിൽ സമാപിച്ചു. പാലക്കാട് ജില്ലയിൽനിന്നുള്ള 67 പേരുടെ പരിശീലനം ഇതിനകം പൂർത്തിയായി. കമ്പ്യൂട്ടറിന്റെ അടിസ്ഥാനതത്വങ്ങൾ, വേഡ്,എക്സൽ, പെയിന്റ്, ഇന്റർനെറ്റിന്റയും മൗസിന്റയും പ്രയോഗം എന്നിവയെക്കുറിച്ചായിരുന്നു പരിശീലനം. അഞ്ചാംബാച്ചിന്റെ പരിശീലനം കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു.

## പുസ്തകം വിൽപനയ്ക്ക്

**വി**വധ കേന്ദ്രാവിഷ്കൃതപദ്ധതികളെക്കുറിച്ച് കില തയ്യാറാക്കിയ പുസ്തകം ആവശ്യക്കാർക്ക് വിലയ്ക്കു നൽകുന്നതാണെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ അറിയിച്ചു. 250 കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് 350 പേജുള്ള പുസ്തകത്തിന് 100 രൂപയാണ് വില. ആവശ്യക്കാർക്ക് നേരിട്ടോ തപാൽ വഴിയോ ലഭിക്കുന്നതാണ്. തപാൽ മാർഗം വേണ്ടവർ പുസ്തകത്തിന്റെ വിലയ്ക്കുപുറമെ തപാൽ ചാർജായ 50 രൂപകൂടിചേർത്ത് ഡിഡിയായോ മണി ഓർഡർ ആയോ താഴെ പറയുന്ന വിലാസത്തിൽ അയക്കുക. ഡയറക്ടർ, കില, മുളംകുന്നത്തുകാവ്-680 581, തൃശ്ശൂർ ജില്ല.



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് ബദൽ സാങ്കേതികവിദ്യയെക്കുറിച്ച്
കിലയിൽ സംഘടിപ്പിച്ച മൂന്നുദിവസത്തെ ദേശീയ ശിൽപ്പശാലയിൽ കേന്ദ്ര ഗ്രാമവികസനവകുപ്പു
ജോ.സെക്രട്ടറി **ആർ.സുബ്രഹ്മണ്യം** ആമുഖ പ്രഭാഷണം നടത്തുന്നു

# തൊഴിലുറപ്പുപദ്ധതിയിൽ ഇനി ബദൽ സാങ്കേതികവിദ്യ; ദേശീയശിൽപ്പശാല കിലയിൽ സമാപിച്ചു

**മ**ഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതി പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ബദൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താനും അതിനു പ്രചാരണം നൽകാനും കിലയിൽ സമാപിച്ച ത്രിദിന ദേശീയശിൽപ്പശാല തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ഏപ്രിലിൽ മേഖലാശിൽപ്പശാലകൾ തുടങ്ങും. ജമ്മുകാശ്മീർ, തമിഴ്നാട്, ഗുജറാത്ത്, ബീഹാർ, ത്രിപുര എന്നീ സംസ്ഥാനങ്ങളിലായിരിക്കും മേഖലാശിൽപ്പശാലകൾ. തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സാങ്കേതികവിദഗ്ദ്ധർക്ക് ബദൽ സാങ്കേതികവിദ്യയെക്കുറിച്ച് പരിശീലനം നൽകും. എല്ലാ സംസ്ഥാനങ്ങളിലും മേയ് ഒന്നിനുമുമ്പ് സംസ്ഥാനതല ഗ്രാമീണ സാങ്കേതികവിദ്യാകേന്ദ്രം തുടങ്ങണം. കേന്ദ്രത്തിന്റെ നിർമ്മാണത്തിനുള്ള ചെലവ് കേന്ദ്രസർക്കാർ വഹിക്കും.ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ച് എല്ലാ സംസ്ഥാനങ്ങളിലും ഏതെങ്കിലും ഒരു കേന്ദ്രത്തിൽ മാതൃകാകെട്ടിടം നിർമ്മിക്കണം. മേൽനോട്ടത്തിനും നയരൂപീകരണത്തിനുമായി മന്ത്രാലയതലത്തിൽ ഉന്നതാധികാര സമിതി രൂപീകരിക്കും. അഞ്ചു മേഖലകളിലെ വിദഗ്ദ്ധരായിരിക്കും ഇതിലെ അംഗങ്ങൾ. ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ (എൻ.ആർ.എൽ.എം) നേതൃത്വത്തിൽ പ്രാദേശികമായി കെട്ടിടനിർമ്മാണ വസ്തുക്കൾ ലഭ്യമാക്കുന്നതിനു ശ്രമിക്കും.

സമാപനച്ചടങ്ങിൽ കേന്ദ്രഗ്രാമവികസനവകുപ്പു അഡീഷ്ണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് അദ്ധ്യക്ഷനായിരുന്നു. ജോ.സെക്രട്ടറി ആർ. സുബ്രഹ്മണ്യം, ആന്ധ്രപ്രദേശ് ഗ്രാമവികസനവകുപ്പു സാങ്കേതിക ഉപദേഷ്ടാവ് കൊണ്ടല റാവു, കില ഡയറ്ടർ ഡോ. പി.പി.ബാലൻ, കോസ്റ്റ് ഫോർഡ് ഡയറക്ടർ ടി. ആർ. ചന്ദ്രദത്ത് എന്നിവർ സംസാരിച്ചു. കിലയും കേന്ദ്ര ഗ്രാമവികസനവകുപ്പും ചേർന്നാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ഗ്രാമവികസനവകുപ്പു ഡയറക്ടർമാർ, സൂപ്രണ്ടിംഗ് എഞ്ചിനിയർമാർ, തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട എഞ്ചിനിയർമാർ, ആർകിടെക്ച്ചർമാർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

കേരളത്തിൽ ഏറെ പ്രചാരം ലഭിച്ച ലാറി ബേക്കർ മോഡൽ നിർമ്മാണരീതി മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കേണ്ടതാണെന്ന് മൂന്നുദിവസത്തെ ദേശീയ ശിൽപ്പശാലയിൽ ആമുഖപ്രഭാഷണം നടത്തിയ കേന്ദ്ര ഗ്രാമവികസനവകുപ്പു ജോ.സെക്രട്ടറി ആർ. സുബ്രഹ്മണ്യം നിർദ്ദേശിച്ചു. ചെലവുകുറഞ്ഞ, പ്രകൃതി സൗഹൃദമായ ഈ നിർമ്മാണരീതിക്ക് മറ്റ് സംസ്ഥാനങ്ങളിൽ വേണ്ടത്ര പ്രചാരണം ലഭിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. തൊഴിലുറപ്പുപദ്ധതിയിൽ തൊഴിൽ നൽകാനായിരുന്നു മുൻഗണന. ഇനി ആസ്തി നിർമ്മാണത്തിലേക്കു കടക്കുകയാണ്. കരാറുകാരനെ പൂർണമായും ഒഴിവാക്കി കുടുതൽ മനുഷ്യശേഷി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണരീതിയാണ് അവലംബിക്കുന്നത്. കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തിനു ചുറ്റും ലഭ്യമായ നിർമ്മാണവസ്തുക്കളാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്. കാലാവസ്ഥാവ്യതിയാനത്തിനു കാരണമാകുന്ന കാർബണിന്റെ അളവു കുറയ്ക്കാൻ സിമന്റും കമ്പിയും പരമാവധി കുറയ്ക്കും.

നിർമ്മാണപ്രവർത്തനങ്ങളിൽ കൂടുതൽ മനുഷ്യശേഷി എങ്ങനെ ഉപയോഗപ്പെടുത്താം, കരാറുകാരനെ ഒഴിവാക്കൽ, ചെലവുകുറയ്ക്കൽ, പ്രകൃതിസൗഹൃദപരമായ നിർമ്മാണരീതി, അതതുപ്രദേശങ്ങളിൽനിന്ന് ലഭ്യമായ നിർമ്മാണവസ്തുക്കൾ ഉപയോഗിക്കൽ എന്നീ അഞ്ചു കാര്യങ്ങളിലൂന്നിയായിരുന്ന ശിൽപ്പശായിലെ ചർച്ചകൾ. കില അസോസിയേറ്റ് പ്രൊഫ. ഡോ.സണ്ണി ജോർജ്, കോസ്റ്റ് ഫോഡ് ഡയറക്ടർ ഡോ.ടി.ആർ.ചന്ദ്രദത്ത്, ജോ.ഡയറക്ടർ പി.ബി. സാജൻ, മഹാവീർ ആചാര്യ, സത് പ്രേം തുടങ്ങിയവർ ആദ്യ ദിവസം വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.

## പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം

**പട്ടികജാതിവിഭാഗക്കാരുടെ** സമഗ്രവികസനം ലക്ഷ്യമിട്ടു പാലക്കാട് ജില്ലയിലെ പട്ടികജാതി ഉപപദ്ധതി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം കിലയിൽ സമാപിച്ചു. ആലത്തൂർ, ചിറ്റൂർ, കൊല്ലംകോട്, നെന്മാറ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നുള്ള പട്ടികജാതി പ്രമോട്ടർമാർ, വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, കൺവീനർമാർ എന്നിവരാണ് ആദ്യബാച്ച് പരിശീലനത്തിനെത്തിയത്. കില ഡയറക്ടർ ഡോ.പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറകടർ ഡോ.ജെ.ബി.രാജൻ അദ്ധ്യക്ഷനായിരുന്നു. കെ.വി.മോഹൻകുമാർ സംസാരിച്ചു.

2010 ലെ കണക്കനുസരിച്ച് 3,11,376 പട്ടികജാതിക്കാർ (ആകെയുള്ളതിന്റെ 13.10 ശതമാനം) പാലക്കാട് ജില്ലയിലാണ് അധിവസിക്കുന്നത്. രണ്ടാംസ്ഥാനം തൃശ്ശൂർ ജില്ലയ്ക്കും മൂന്നും നാലും സ്ഥാനങ്ങൾ മലപ്പുറം കൊല്ലം ജില്ലകൾക്കുമാണ്.


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulankunnathukavu (P.O) Thrissur-680581
(for private circulation only)